# മോഹൻലാൽ 'ദൈവമാകുമ്പോൾ'

അമിയ മീത്തൽ

സംവിധായകൻ പ്രിയദർശൻ കുറച്ചുനാൾ മുൻപ് അഭിപ്രായപ്പെട്ടു, "മോഹൻലാൽ രജനീകാന്തിന്റെ ഇമേജിലേക്ക് വളരുകയാണ്. ഇത് മലയാളത്തിന് പരിചിതനായ ലാലിനെ നഷ്ടപ്പെടുത്തുമോ എന്ന് ഞാൻ ഭയക്കുന്നു". മോഹൻലാൽ എന്ന നടന്റെ സമീപകാല വേഷങ്ങളും അവ നേടിയ വൻ വിജയങ്ങളും വിലയിരുത്തുമ്പോൾ പ്രിയൻ ഭയപ്പെട്ടത് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് കാണാം.



നായകസങ്കൽപ്പത്തിന്റെ വിദൂരഗണത്തിൽപോലും ഉൾപ്പെടുത്താൻ കഴിയുമായിരുന്നില്ലാത്ത മോഹൻലാൽ മലയാളിയുടെ മനസ്സിൽ ഇടം നേടിയത് തീർത്തും സ്വാഭാവികവും അനായാസവുമായ അഭിനയശൈലിയിലൂടെയാണ്. അഭിനയം എത്രയോ അയത്ന ലളിതമായ കാര്യമാണെന്ന് തോന്നും ലാലിന്റെ പ്രകടനം കണ്ടാൽ. ജീവിതപ്രാരബ്ധങ്ങളുടെ ഊരാക്കുടുക്കിൽനിന്നും കരകയറാൻ പെടാപ്പാടുപെടുന്ന കഥാപാത്രങ്ങളെ സത്യൻ അന്തിക്കാട് - ശ്രീനിവാസൻ ടീമിന്റേയും പ്രിയദർശന്റെയും സിനിമകളിൽ 'നാച്ചുറ'ലായി ലാലിന് വഴങ്ങിയപ്പോളാണ് അഭിനയത്തിന്റെ ലാൽ ശൈലി രൂപപ്പെട്ടതും മോഹൻലാൽ പ്രേക്ഷകർക്ക് പ്രിയങ്കരനായതും. 'ടി.പി.ബാലഗോപാലൻ എം.എ.' 'സന്മനസ്സുള്ളവർക്ക് സമാധാനം' 'ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റ്' '- ഇവയിലൊക്കെ ജീവിതഗന്ധിയായ കഥകൾ ഹാസ്യസ്പർശത്തോടെ അവതരിപ്പിച്ചപ്പോൾ. 'ഫ്ലക്സിബിൾ' ആയ അഭിനയശൈലിയിലൂടെ മോഹൻലാൽ ഈ വേഷങ്ങൾ അവിസ്മരണീയങ്ങളാക്കി. അവിടെനിന്നും വളർന്ന്, അഭിനയത്തിന്റെ ഉത്തുംഗശൃംഗങ്ങളിലേക്ക് മോഹൻലാൽ കയറിപ്പോവുന്നതും കണ്ടു. 'കിരീട'വും 'ഭരത'വും 'ഇരുവരും' 'വാനപ്രസ്ഥ'വുമൊക്കെ വ്യത്യസ്താഭിനയമുഹൂർത്തങ്ങളുടെ സമ്മോഹനദൃശ്യങ്ങൾ വെളിവാക്കിയപ്പോൾ സംശയലേശമന്യെ നമുക്ക് പറയാൻ കഴിഞ്ഞു. "അതെ, മോഹൻലാൽ മലയാള സിനിമയുടെ അഭിമാനമാണ്".

ഇന്ന് ലാലിനെത്തേടിവരുന്ന കഥാപാത്രങ്ങൾ ഏതാണ്? മീശ പിരിച്ച്, പുളിയിലക്കര മുണ്ടോ കാവിയോ ധരിച്ച്, എതിരാളിയെ പട്ടിയെപ്പോലെ തെരുവിൽതല്ലുന്ന, പോലീസ് അറസ്റ്റുചെയ്ത് കൊണ്ടുപോയാലും വഴിയിൽ തടഞ്ഞുനിർത്തി പ്രതിയെ ജീപ്പിൽനിന്നും പുഷ്പംപോലെ ഇറക്കിക്കൊണ്ടുവരുന്ന കഥാപാത്രങ്ങൾ ; തികച്ചും അതിഭാവുകത്വമുള്ളവ. അടുത്തകാലത്ത് വമ്പൻ ഹിറ്റുകളായിത്തീർന്ന ലാൽ ചിത്രങ്ങൾ നോക്കു - ആറാം തമ്പുരാൻ, നരസിംഹം, രാവണപ്രഭു, എല്ലാറ്റിലും ഒരേ വേഷം, ഭാവം. അണിയറയിൽ ഒരുങ്ങുന്ന 'പ്രഭു'യിലും ഒന്നാമനിലും' വേഷങ്ങൾ വ്യത്യസ്തമല്ല. ഈ ചിത്രങ്ങളിലെ സ്റ്റണ്ട് സീനുകൾ പരിശോധിച്ചാൽ മാത്രം മതി ലാൽ രജനിയായി മാറുന്നുവോ എന്നു സംശയിക്കാൻ. വില്ലൻമാരെ ഒന്നു കൈയുയർത്താൻ പോലുമനുവദിക്കാതെ ലാലിന്റെ നായകപാത്രം അവരെ അടിച്ചൊതുക്കുന്നു.

മുൻപ്, കുറെക്കൂടി യാഥാർത്ഥ്യവുമായി ബന്ധമുള്ളവയായിരുന്നു മലയാള ചിത്രങ്ങളിലെ സംഘട്ടനരംഗങ്ങൾ. നായകനേക്കാളും ഇരട്ടി ആരോഗ്യമുള്ള മൂന്നോ നാലോ പേരെ 'സില്ലി'യായി കൈകാര്യം ചെയ്യുന്ന 'അണ്ണൻ സ്റ്റൈൽ' ഇവിടെ വിലപോവില്ലായിരുന്നു. അതുകൊണ്ടുതന്നെ വില്ലന്റെ തോതിൽ നിന്നും ഉതിർന്ന ഉണ്ടയെ പാത്രം കൊണ്ട് തടുത്ത് വില്ലനിലേക്കുതന്നെ തിരിച്ചുവിടുന്ന 'രജനിസ്റ്റൈൽ' മലയാളിക്ക് ചിരിക്കാൻ വകയൊരുക്കിയിരുന്നു. എന്നാൽ അത്രത്തോളമെത്തിയില്ലെങ്കിലും ഇന്ന് ലാലിന്റെ നായകപാത്രങ്ങളും അതേ ദിശയിലേക്കാണ് നീങ്ങുന്നത്.

'വൺമാൻ ഷോ' മാത്രമായി മാറുന്ന ലാലിന്റെ ചിത്രങ്ങളിൽ മറ്റു കഥാപാത്രങ്ങളൊക്കെയും നായകന്റെ 'സ്ക്രീൻപ്രസൻസി'ൽ ഒതുക്കപ്പെടുന്നു. പ്രണയമെന്നും നായകന്റെ പ്രശ്നമേയല്ല ; അതൊക്കെ നായിക തീരുമാനിച്ച് ഉദ്ദിഷ്ടകാര്യത്തിനായി പിന്നാലെ നടക്കണം. അടിപിടി, പാട്ടും കാവടിയാട്ടവും, മദ്യസേവ, 'പോടാ മോനെ ദിനേശാ', 'സവാരി ഗിരിഗിരി' തുടങ്ങിയ പ്രയോഗങ്ങൾ - ഇതൊക്കെയാണിന്ന് ലാലിന്റെ വേഷങ്ങൾ.

ഇത്തരം റോളുകളെല്ലാം തന്നെ വൻവിജയമായിത്തീരുന്നുവെന്നതാണ് ശ്രദ്ധേയമായ കാര്യം. മോഹൻലാൽ മീശ പിരിച്ചാൽ പണപ്പെട്ടി നിറയുമെങ്കിൽ നല്ലത്. പക്ഷെ ലാൽ എന്ന നടനെ കേരളത്തിലെ പ്രേക്ഷകർക്ക് പ്രിയങ്കരനാക്കിമാറ്റിയത് ഇത്തരം വേഷങ്ങളല്ലെന്നോർക്കണം. 'ടി.പി.ബാലഗോപാലൻ എം.എ.'യിലും, 'നാടോടിക്കാറ്റിലും' 'കിലുക്ക്'ത്തിലും 'ഭരത്'ത്തിലും കണ്ട മോഹൻലാൽ അഭിനയത്തിന്റെ 'വാനപ്രസ്ഥം' കയറിപോകുന്നത് അവർ സന്തോഷത്തോടെയേ കണ്ടുള്ളൂ. പക്ഷെ തന്റെ പ്രതിഭയ്ക്ക് മാറ്റുകൂട്ടാനുതകുന്ന തരത്തിലുള്ള റോളുകൾ തിരഞ്ഞെടുത്ത് ചെയ്യേണ്ട സമയത്ത് 'കുഞ്ഞുകുട്ട'നിൽനിന്ന ശുദ്ധമസാല പാത്രമായ 'കാർത്തികേയനി'ലേക്കുള്ള വീഴ്ച അസഹ്യം തന്നെയാണ്.

രഞ്ജിത്തിനും ഷാജികൈലാസിനും ലാലിനെ 'ദൈവ'മാക്കി പ്രതിഷ്ഠിക്കാം;കൃത്യമായി ചേർത്ത മസാലക്കൂട്ടിൽ മുക്കിയെടുത്ത് പ്രേക്ഷകർക്ക് മുമ്പിൽ ചൂടോടെ വിളമ്പാം. പക്ഷെ ഇതിനിടയിൽ നഷ്ടമാവുന്നത് ഒരു മിന്നായം പോലെ നാം ദർശിച്ച അഭിനയപ്രതിഭയുടെ വറ്റിപോകാത്ത ഊർജ്ജസ്രോതസ്സായിരിക്കും.